




ബ്ര. ടോമിച്ചൻ കൊല്ലറേട്ട്

സഭയുടെ വളർച്ചയെ അനുസ്മരിക്കുന്ന ഫലാഗമകാലത്തിന്റെ അവസാന ഞായറായ ഇന്ന് തിരുസഭമാതാവ് നമ്മുടെ ധ്യാനത്തിനും വിചിന്തനത്തിനുമായി നൽകുന്നത് വി. ലൂക്കായുടെ സുവിശേഷം 18:1–8 വരെയുള്ള തിരുവചനങ്ങളാണ് – “ന്യായാധിപന്റെയും വിധവയുടെയും ഉപമ.” വിശ്വാസതീക്ഷണത കുറയുകയും തൽഫലമായി പ്രാർത്ഥന ജീവിതം മന്ദിഭവിക്കുകയും ചെയ്ത ഒരു സമൂഹത്തിന് ഉള്ള മറുപടിയായിട്ടാണ് ഈശോ ഈ ഉപമ പറയുന്നത്. വളരെയേറെ പ്രാർത്ഥിക്കുകയും പ്രാർത്ഥനകൾ ചോദിക്കുകയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളുടെ സമൂഹമാണ് സഭ. മടുപ്പു കൂടാതെ നിരന്തരം പ്രാർത്ഥിക്കണമെന്ന് വചനത്തിലൂടെ ഈശോ ഇന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നു.

മനുഷ്യപുത്രൻ ഉടൻ വരുമെന്നും തങ്ങൾ അനുഭവിച്ചുകൊണ്ട് ഇരിക്കുന്ന പീഡനങ്ങൾക്കും യാതനകൾക്കും അവസാനമുണ്ടാകുമെന്നും വിശ്വസിച്ച ഇസ്രയേൽ ജനം രക്ഷകനെ കാത്തിരിക്കുന്നു. പക്ഷെ മനുഷ്യപുത്രൻ വരാൻ വൈകുന്നതുകൊണ്ട് മടുപ്പു തോന്നാനും അവൻ വരുമോ ഇല്ലയോ എന്ന് സംശയിക്കാനും തുടങ്ങി. ഈ സന്ദർഭത്തിൽ എപ്പോഴും പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കുവാനാണ് യേശു ന്യായാധിപന്റെയും വിധവയുടെയും ഉപമ പറയുന്നത്. ഈ ഉപമ അവസാനിക്കുന്നത് രാവും പകലും തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് നീതി നടത്തി കൊടുക്കാൻ നീതിമാനായ മനുഷ്യപുത്രൻ വന്നുകഴിഞ്ഞു എന്ന ശുഭപ്രതീക്ഷയോടുകൂടെയാണ്.

രണ്ട് തരത്തിലുള്ള വ്യക്തികളെയാണ് നാം ഈ ഉപമയിൽ കണ്ടുമുട്ടുന്നത്. ഒന്ന് നീതിരഹിതനായ

ന്യായാധിപൻ രണ്ട് വിധവ. വിധവ എന്ന പദം കൊണ്ട് വിശേഷിപ്പിക്കുന്നത് ആരും സഹായിക്കാനില്ലാത്ത ദരിദ്രയായ സ്ത്രീ എന്നാണ്. എന്നാൽ നീതിരഹിതനായ ന്യായാധിപൻ ദൈവത്തെ ഭയപ്പെടാത്തവനും മനുഷ്യനെ മാനിക്കാത്തവനും ഇഷ്ടമുള്ള രീതിയിൽ ന്യായപാലനം നടത്തിയിരുന്നവനുമാണ്. അതുകൊണ്ട് അന്യായമായി കൈക്കൂലി വാങ്ങിക്കുകയും എല്ലാത്തരം അഴിമതിയും നടത്തുന്ന റോമാക്കാരാൽ നിയമിതനായ ഒരു റോമൻ ന്യായാധിപനിൽ നിന്ന് നീതി ലഭിക്കാൻ ഒരു ശതമാനംപോലും വകയില്ലാതിരിക്കുമ്പോഴാണ് ദരിദ്രയും വിധവയുമായ ഒരു സ്ത്രീക്ക് നീതി ലഭിക്കുന്നത്. അവൾക്ക് ഒരേയൊരു ആയുധമെയുണ്ടായിരുന്നുള്ളു അത് പ്രാർത്ഥനയും പ്രാർത്ഥനയിലുണ്ടായിരുന്ന വിശ്വാസവുമാണ്.

ജീവിതത്തിലെ ചില നിമിഷങ്ങളിൽ എല്ലാം തകരുമെന്ന് തോന്നിയപ്പോഴും ഇനി മുന്നോട്ടു പോകുന്നതിൽ അർത്ഥമില്ല എന്ന ചിന്ത ഉദിക്കാം. ദൈവം പ്രാർത്ഥന കേൾക്കുന്നില്ലായെന്നും തോന്നിയപ്പോഴെല്ലാം നിരാശരാകാതെ, പ്രത്യാശ കൈവിടാതെ മുന്നോട്ട് പോകാൻ നാം പ്രാർത്ഥിക്കണം. സ്വന്തം മകന്റെ മാനസാന്തരത്തിന് വേണ്ടി 18 കൊല്ലക്കാലം ഹൃദയം നുറുങ്ങി കരഞ്ഞ് പ്രാർത്ഥിച്ചും പരിഹാരം ചെയ്തും ജീവിച്ച മോനിക്കപുണ്യവതിയുടെ പ്രാർത്ഥന ദൈവം കേട്ടുവെങ്കിൽ ദൈവം കാണാതെ പോകുന്ന കണ്ണീരോ കേൾക്കാതെ പോകുന്ന നിലവിളിയോ ഇല്ല എന്ന സത്യം മനസ്സിലാക്കിത്തരുകയാണ്.

സത്യത്തിൽ എന്താണ് പ്രാർത്ഥന? ചിലപ്പോഴെങ്കിലും ദൈവത്തെ നിർബന്ധിക്കുന്നതാണ് പ്രാർത്ഥന. പഴയ നിയമത്തിൽ നാം കാണുന്നുണ്ട് നീ അനുഗ്രഹിച്ചാലല്ലാതെ ഞാൻ നിന്നെ പിടിവിടുകയില്ലായെന്ന് നിർബന്ധിച്ച യാക്കോബ് പ്രാർത്ഥനയെക്കുറിച്ച് നമ്മെ പഠിപ്പിക്കുകയായിരുന്നു (ഉത്പ 32:22–20). ഒരു പകൽ മുഴുവൻ കരങ്ങൾ ഉയർത്തി മലമുകളിൽ പ്രാർത്ഥിച്ച മോശയുടെ പ്രാർത്ഥന കേട്ടില്ലായെന്ന് വെയ്ക്കാൻ ദൈവത്തിനായില്ല (പുറ: 17:8–16). കാരണം പ്രാർത്ഥിക്കുന്ന മനുഷ്യരെ ദൈവത്തിന് അവഗണിക്കാനാവില്ല.

പുതിയ നിയമത്തിൽ നാം കാണുന്നുണ്ട് ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ എന്ന് ശകാരത്തിനിടക്കും വിളിച്ചപേക്ഷിക്കുന്ന അന്ധയാചകന് കാഴ്ച നൽകി ദൈവം അനുഗ്രഹിക്കുന്നത് (ലൂക്കാ 18:38–4). പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ പറയുന്നു; “ഇടതടവില്ലാതെ നിരന്തരം പ്രാർത്ഥിക്കുവിനെന്ന്” (1 തെസ 5:17).

നാം എല്ലാവരും പലപ്പോഴും ചോദിക്കുന്ന ചോദ്യമാണ് എത്ര പ്രാർത്ഥിച്ചിട്ടും എത്ര നേർച്ച കാഴ്ചകൾ നടത്തിയിട്ടും തീർത്ഥാടനകേന്ദ്രങ്ങൾ മുഴുവൻ കയറിയിറങ്ങിയിട്ടും എന്തുകൊണ്ട് ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നില്ല. മക്കൾ ഒരു കാര്യം ചോദിക്കുമ്പോൾ മാതാപിതാക്കന്മാർക്കറിയാം അതിപ്പോൾ ആവശ്യമാണോ എന്ന് ഇതുപോലെ തന്നെയാണ് ദൈവവും. ദൈവത്തിന് ഒരു സമയമുണ്ട് അത് ആഴ്ചകളാകാം, മാസങ്ങളാകാം ചിലപ്പോൾ വർഷങ്ങളാകാം. വിധവയെപ്പോലെ ഒരു തരം നിർബന്ധ ബുദ്ധിയോടെ നിരന്തരമായ ക്ഷമയോടും വിശ്വാസത്തോടു കൂടെ പ്രാർത്ഥിച്ച് കാത്തിരിക്കണം. സഭാപിതാവായ വി. ജോൺ ക്രിസോസ്റ്റം പറയുന്നു: “പ്രാർത്ഥനക്ക് തുല്യമായി മറ്റൊന്നുമില്ല കാരണം, പ്രയാസമുള്ളതിനെ എളുപ്പമാക്കാനും അസാധ്യമായതിനെ സാധ്യമാക്കാനും പ്രാർത്ഥനക്ക് സാധിക്കുന്നു.”

ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ രോഗം വരുമ്പോൾ അപകടങ്ങളും കടക്കെണികളും ആഞ്ഞടിക്കുമ്പോൾ മാത്രം ദൈവത്തെ വിളിച്ചപേക്കാതെ നിരന്തരം പ്രാർത്ഥിച്ചുകൊണ്ട് വിശ്വാസത്തോടെ കാത്തിരിക്കാം. ഏറ്റവും വലിയ പ്രാർത്ഥനയുടെ ആഘോഷമാണ് വി. കുർബാന. അതിനാൽ ഈ ബലിയിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ച് നമുക്ക് കാത്തിരിക്കാം. ◆